I ഇ.ബി. XIII-കേരള നിയമസഭ/XV-7

# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 08, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ

മി. സ്പീക്കർ: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് അപകടകരമാംവിധം ഉയരുകയും അണക്കെട്ടിന്റെ വൃഷ്ടിപ്രദേശങ്ങളിലെ ക്രമാതീതമായ മഴ കാരണം നീരൊഴുക്ക് ശക്തമായിരിക്കുകയും യാതൊരു മുന്നറിയിപ്പുമില്ലാതെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എട്ട് ഷട്ടറുകൾ തമിഴ്നാട് ഇന്നലെ തുറക്കുകയും സെക്കന്റിൽ 4200 ഘനയടി വെള്ളം പെരിയാറിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നതുമൂലം ഉളവായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ഇ. എസ്. ബിജിമോൾ, സർവ്വശ്രീ കെ. കെ. ജയചന്ദ്രൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 2014-ലെ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയായി ഉയർത്താനുള്ള സമീപനമാണ് തമിഴ്നാട് സ്വീകരിച്ചുവരുന്നത്. ഡാമിലെ ഷട്ടറുകൾ തുറക്കുന്നതിന് 12 മണിക്കൂർ മുമ്പ് അറിയിപ്പ് നൽകണമെന്ന വ്യവസ്ഥ തമിഴ്നാട് പാലിച്ചിട്ടില്ല. ഷട്ടർ തുറക്കുന്ന അവസരത്തിൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്കുണ്ടാകാവുന്ന ആശങ്ക ദൂരീകരിക്കുന്നതിനും പരിസരവാസികളെ മാറ്റിപ്പാർപ്പിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ജില്ലാ കളക്ടറുടെയും ജനപ്രതിനിധികളുടെയും ദുരന്ത നിവാരണ സേനയുടെയും നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. സൂപ്പർവൈസറി കമ്മിറ്റിയുടെ ഓപ്പറേഷൻ ഷെഡ്യൂൾ തൃപ്തികരമല്ലെന്ന് കേന്ദ്ര ജല കമ്മീഷനെ അറിയിക്കുകയും സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം സൂപ്പർവൈസറി കമ്മിറ്റി പ്രവർത്തിക്കുന്നില്ലെന്ന് കാണിച്ച് ഒറിജിനൽ ഒ.പി. അടിയന്തരമായി ഫയൽ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. 136 അടി വെള്ളമുള്ള സാഹചര്യത്തിൽ 48 മണിക്കൂറിനുള്ളിൽ 60 സെ.മീ. മഴ പെയ്താൽ ജലനിരപ്പ് 160 അടിയാകുമെന്നും അത് ഡാമിനെ അപകടപ്പെടുത്തുമെന്നുമുള്ള

ഐ.ഐ.റ്റി. വിദഗ്ധരുടെ പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ചുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: മുല്ലപ്പെരിയാർ ഡാം സുരക്ഷിതമല്ലെന്ന് തെളിയിക്കുന്ന റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ടെങ്കിലും സർക്കാർ ഇക്കാര്യത്തിൽ നിസ്സഹായാവസ്ഥയിലാണ്. സമുദ്ര നിരപ്പിൽ നിന്നും 2845 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിൽ 443.23 ദശലക്ഷം ഘനമീറ്റർ വെള്ളമാണുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ചേർന്ന സർവ്വകക്ഷി യോഗത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. സർക്കാരിന്റെ നിഷ്ക്രിയത്വം കാരണമാണ് ഈ വിഷയം വീണ്ടും ചർച്ച ചെയ്യേണ്ടിവരുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിമാർ നൽകിയ ഉറപ്പുകൾ പാലിക്കുകയോ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റിനുവേണ്ടിയുള്ള ആക്ഷൻ പ്ലാനിന്മേൽ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 120 അടിയായി കുറയ്ക്കുമെന്നും പുതിയ ഡാം നിർമ്മിക്കുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണം. ഗുരുതരമായ ഈ വിഷയം

സർക്കാർ ലാഘവത്തോടെയാണ് കൈകാര്യം ചെയ്യുന്നത്. ഷട്ടറുകൾ തുറക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താനോ ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. പുനരധിവാസ കേന്ദ്രങ്ങളിൽ വൈദ്യുതി എത്തിക്കുന്ന കാര്യത്തിൽ ജില്ലാ ഭരണകൂടത്തിന് ക്രിയാത്മകമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല. രാജ്യത്തെ മൊത്തം ബാധിക്കുന്ന വിഷയമെന്ന നിലയിൽ കേന്ദ്രസർക്കാരിന് മുമ്പാകെ ഈ പ്രശ്നം അവതരിപ്പിക്കാനും ഒരു സമവായം ഉണ്ടാക്കാനും കഴിയണം. സർവ്വകക്ഷിയോഗ തീരുമാനങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാൻ ബാധ്യതയുള്ള സർക്കാർ ഈ പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും രാഷ്ട്രീയ സമവായത്തിലെത്താനും ചർച്ചയിലൂടെ പരിഹാരമുണ്ടാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 142 അടിവരെ ജലനിരപ്പ് ഉയർത്താമെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. സംരക്ഷണ ഡാം നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങളുമായി സർക്കാർ

മുന്നോട്ടുപോയപ്പോഴാണ് തമിഴ്നാടിന്റെ എതിർപ്പുണ്ടായത്. ഇക്കാര്യത്തിൽ രാഷ്ട്രീയ തീരുമാനം ഉണ്ടാക്കുന്നതിന് കൂട്ടായ ശ്രമം നടത്തുന്നതാണ്. ജലം ഒഴുക്കി വിടുമ്പോൾ പരിസരപ്രദേശത്ത് അപകടമുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട് ഓപ്പറേഷൻ ഷെഡ്യൂൾ കൃത്യമായി പാലിക്കുന്നതിനു വേണ്ടി ഒറിജിനൽ ഒ.പി. ഫയൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയ ഭേദമെന്യേ കൂട്ടായ നീക്കം നടത്തേണ്ടതുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ ആറ് പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള ദുരന്ത നിവാരണ കമ്മിറ്റികളുടെ നേതൃത്വത്തിൽ 2104 പേർക്ക് ദ്രുതകർമ്മ സേന പരിശീലനം നൽകിയിട്ടുണ്ട്. മുൻകൂർ അറിയിപ്പില്ലാതെ ഡാമിന്റെ ഷട്ടർ ഉയർത്തിയതിനെത്തുടർന്ന് വെള്ളപ്പൊക്കമുണ്ടായ സ്ഥലങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർന്നതുമൂലമുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് തമിഴ്നാട് സർക്കാരുമായി ധാരണയിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. തമിഴ്നാട് സർക്കാരിന്റെ നിസ്സഹകരണംമൂലം ചർച്ചയിലൂടെ പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ ഫലവത്താകാത്തതിനെ തുടർന്ന് കോടതിയെ സമീപിച്ചെങ്കിലും ഡാം സുരക്ഷിതമാണെന്നുള്ള സമീപനമാണ് കോടതി സ്വീകരിച്ചത്. ഡാമിലെ ജലനിരപ്പ് 142 അടിയായി ഉയർന്നതിനെത്തുടർന്ന് തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ് കൂട്ടണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തമിഴ്നാട് സർക്കാർ സ്വീകരിച്ച നിഷേധാത്മകമായ നിലപാട് തിരുത്തുന്നതിനായി ഭരണപരമായും നിയമപരമായുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യം സംബന്ധിച്ച് പ്രധാനമന്ത്രി, കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി എന്നിവരുമായി ചർച്ച നടത്തുന്നതും കേരളത്തിന്റെ ആശങ്ക അറിയിക്കുന്നതുമാണ്. മുല്ലപ്പെരിയാർ

ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ സാമ്പത്തിക തടസ്സമുണ്ടാകില്ല. സംരക്ഷണ ഡാം പണിയുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് തമിഴ്നാട് തടസ്സമായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെയും കോടതിയുടെയും പൂർണ്ണമായ ഇടപെടലുണ്ടാകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അന്തർദ്ദേശീയ വിദഗ്ധരടങ്ങുന്ന ഒരു കമ്മിറ്റിയെക്കൊണ്ട് ഡാം പരിശോധിപ്പിക്കണമെന്നതാണ് കേരളത്തിന്റെ നിലപാട്. പ്രശ്നപരിഹാരത്തിനായി കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടാനും നിയമപരമായ നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാണ്. മുല്ലപ്പെരിയാറിൽ ഒരു പ്രത്യേക പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. ഷട്ടർ തുറക്കുന്നതിന് 12 മണിക്കൂർ മുമ്പ് അറിയിക്കണമെന്ന നിബന്ധന തമിഴ്നാട് പാലിച്ചില്ലെന്നതും നിരന്തരം ആവശ്യപ്പെട്ടിട്ടും കൊണ്ടുപോകാവുന്ന വെള്ളം കൊണ്ടുപോകാൻ തയ്യാറായില്ലെന്നതുമാണ് പ്രധാന പ്രശ്നം. ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി മുന്നോട്ടുപോകുക എന്നതാണ് സഭയുടെ പൊതുവികാരം. പരിസരപ്രദേശത്തുള്ള ആളുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാ നടപടികളിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ നിയമപരമായ നടപടികളുമായി മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് ഇന്നലെ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി മറുപടി നൽകി. ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിന്റെ ഗൗരവം മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഉൾക്കൊണ്ടിട്ടില്ലെന്നത് അതീവ ഗുരുതരമായ വിഷയമാണ്. 2600 ഘനയടി വെള്ളം അണക്കെട്ടിലേക്ക് പ്രതിദിനം ഒഴുകിയെത്തുമ്പോൾ തമിഴ്നാട്ടിലേക്ക് പെൻസ്റ്റോക്ക് വഴി കൊണ്ടുപോകാൻ സാധിക്കുന്നത് 1425 ഘനയടി വെള്ളം മാത്രമാണ്. മുൻകാലങ്ങളിൽ അണക്കെട്ടിൽ 136 അടിക്ക് മുകളിൽ ജലനിരപ്പ് ഉയരുമ്പോൾ സ്പിൽവേ വഴി ഇടുക്കി ഡാമിലേക്ക് ഒഴുക്കിവിടാമായിരുന്നു. തമിഴ്നാട് ഇന്നലെയാണ് ഇടുക്കിയിലേക്ക് സ്പിൽവേ വഴി വെള്ളം ഒഴുക്കിവിട്ടത്. ജലനിരപ്പ് 136 അടിയിൽ നിന്ന് അൽപം ഉയർന്നപ്പോൾത്തന്നെ കർശനമായി ഇടപെടുന്നതിനും വരാൻ പോകുന്ന വിപത്തുകൾ ചൂണ്ടിക്കാട്ടി അതിന് പരിഹാരമുണ്ടാക്കുന്നതിനും യാതൊരു ശ്രമവും സർക്കാർ നടത്തിയിട്ടില്ല. ഇത് ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുക

മാത്രമല്ല കേരളത്തെയാകെ അന്ധകാരത്തിലാഴ്ത്തുകയും ചെയ്യും. ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർന്ന് തുടങ്ങിയതോടുകൂടി സമീപ പ്രദേശത്തെ 1400 ഏക്കർ വനഭൂമി വെള്ളത്തിൽ മുങ്ങിപ്പോകുകയും അതുവഴി അവിടത്തെ വന്യജീവികളുടെയും പക്ഷികളുടെയും ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുന്ന അവസ്ഥ സംജാതമാകുകയും ചെയ്തിരിക്കുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച് നിയമസഭയിൽ ചർച്ചകൾ നടത്തി ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയെങ്കിലും അതിനനുസൃതമായി ഉണർന്ന് പ്രവർത്തിക്കാൻ സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല. ജലനിരപ്പ് 136 അടിയിൽ കൂടുതൽ ഉയർന്നാലുള്ള ദോഷവശങ്ങൾ സുപ്രീം കോടതിയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും പുതിയ ഡാം കെട്ടണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ശക്തമായ ഇടപെടൽ നടത്തുകയും വേണം. തമിഴ്നാട് ജലം കാർഷിക ആവശ്യത്തിനും വൈദ്യുതി ഉൽപ്പാദിപ്പിച്ച് വരുമാനം നേടുന്നതിനും ഉപയോഗിക്കുന്ന കാര്യം സുപ്രീംകോടതിയേയും കേന്ദ്ര സർക്കാരിനെയും ബോധ്യപ്പെടുത്തണം. അടിയന്തരമായി സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും കേരളത്തിലെയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പ്രശ്നത്തിന് തീർപ്പുകൽപ്പിക്കുകയും വേണം. മുല്ലപ്പെരിയാർ പ്രശ്നം ദേശീയ മനുഷ്യാവകാശ

കമ്മീഷൻ മുമ്പാകെ കൊണ്ടുവരുന്നതിനായി സർക്കാർ ഇന്നുതന്നെ നടപടി സ്വീകരിക്കണമെന്നും അക്കാര്യം സഭയിൽ പ്രഖ്യാപിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രധാനമന്ത്രി, കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി എന്നിവരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തശേഷം കേന്ദ്ര മനുഷ്യാവകാശ കമ്മീഷനുമുമ്പിൽ അവതരിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കാം.

## ശ്രദ്ധക്ഷണിക്കൽ

(1) അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികളുടെ പ്രവർത്തനം നിയന്ത്രിക്കൽ

ശ്രീ. വി. ഡി.സതീശൻ: ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൊടുക്കാമെന്ന് വാഗ്ദാനം നൽകി സാധാരണക്കാരുടെ ആധാരം പണയപ്പെടുത്തി വൻ തുക തട്ടിയെടുക്കുന്ന സംഘങ്ങൾ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. പാവങ്ങളെ കബളിപ്പിച്ച് വഴിയാധാരമാക്കുന്ന ഇത്തരം സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. ലോൺ മാഫിയയുടെ ചതിപ്രയോഗംമൂലം ജപ്തി നടപടികൾ നേരിട്ട ഒട്ടേറെ കുടുംബങ്ങൾ എറണാകുളത്ത് പുനരധിവാസ സമരം നടത്തുകയാണ്. യാതൊരു തടസ്സവുമില്ലാതെ ലോൺ മാഫിയകൾക്ക് ലോൺ

അനുവദിക്കുന്ന ബാങ്ക് നിലപാടിൽ മാറ്റം വരുത്തണം. സാധാരണക്കാരെ തെരുവിലേയ്ക്കും ചേരിയിലേയ്ക്കും വലിച്ചെറിയുന്ന തട്ടിപ്പു സംഘങ്ങളെപ്പറ്റി വിശദമായ അന്വേഷണം നടത്തുകയും കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം. ലോൺ മാഫിയകളുടെ ചൂഷണങ്ങൾക്ക് ഇരയായവരെയും ജപ്തി ഭീഷണി നേരിടുന്നവരെയും സഹായിക്കാൻ തയ്യാറാകണം. ബാങ്കിംഗ് മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള SARFAESI ആക്ട് ദുരുപയോഗം ചെയ്യുന്ന നിലപാട് അവസാനിപ്പിക്കണം. ബാങ്കുകളിൽ നിന്നും ചെറിയ തുകയ്ക്ക് ലോണെടുത്ത പാവപ്പെട്ടവരെ കുടിയൊഴിപ്പിക്കാൻ ചുമതലപ്പെടുത്തുന്ന അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികൾ (എ.ആർ.സി.) ഗുണ്ടാസംഘങ്ങളുടെ സഹായം തേടുമ്പോൾ ലോൺ റീപേമെന്റ് ഇനത്തിൽ ലക്ഷക്കണക്കിന് രൂപയുടെ വീഴ്ച വരുത്തിയിട്ടുള്ള കോർപ്പറേറ്റ് കമ്പനികൾക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വിദ്യാഭ്യാസ ലോണുകൾ ഉൾപ്പെടെ തിരിച്ചുപിടിക്കുന്നതിന് എ.ആർ.സി.കൾ നടത്തുന്ന ഗുണ്ടാപ്രവർത്തനവും ഭീഷണിയും നിയന്ത്രിക്കുന്നതിനും ലോൺ മാഫിയകൾക്ക് കൂട്ടുനിൽക്കുന്ന ബാങ്കുദ്യോഗസ്ഥരെ നിയമത്തിനുമുന്നിൽ

കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ വാഗ്ദാനം നൽകി ആധാരം ഈടായി സമർപ്പിച്ച് വൻ തുക ലോണായി വാങ്ങിയശേഷം നാമമാത്രമായ തുക വസ്തു ഉടമയ്ക്ക് കൊടുത്ത് വഞ്ചന നടത്തിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 16 കേസുകളും എറണാകുളം ജില്ലയിൽ ലോൺ വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞ് നാല് സെന്റ് ഭൂമി വ്യാജമായി രജിസ്റ്റർ ചെയ്തെടുത്തത് സംബന്ധിച്ച് മറ്റൊരു കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 17 കേസുകളിലുമായി 5 കോടി രൂപയിൽ കുറയാത്ത തുക തട്ടിപ്പ് നടത്തിയതായി കരുതപ്പെടുന്നു. അതിൽ ആറ് കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിക്കുകയും 11 കേസുകളിന്മേലുള്ള അന്വേഷണം തുടരുകയുമാണ്. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ഐ.പി.സി. യിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കിടയിൽ ഇതിനെക്കുറിച്ച് അവബോധമുണ്ടാക്കാനുള്ള ശ്രമങ്ങളും പോലീസ് വകുപ്പ്

നടത്തുന്നുണ്ട്. SARFAESI ആക്ട് ദുരുപയോഗം ചെയ്തുകൊണ്ട് പാവപ്പെട്ടവർ എടുത്തിട്ടുള്ള ലോൺ തിരിച്ചുപിടിക്കുന്നതിനായി എ.ആർ.സി. കൾ നടത്തുന്ന ഗുണ്ടാ പ്രവർത്തനങ്ങളെ ശക്തമായി നേരിടും. ലോൺ മാഫിയകളെ നിയന്ത്രിക്കുന്നതിനും വിശദമായ അന്വേഷണം നടത്തുന്നതിനുമായി എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് പരാതിയുള്ളവർക്ക് നേരിട്ടുതന്നെ സ്പെഷ്യൽ ടീമിനെ സമീപിക്കാവുന്നതും അടിയന്തര നടപടി ഉണ്ടാകുന്നതുമാണ്.

(2) <u>തോട്ടം തൊഴിലാളികളുടെ സംരക്ഷണം</u>

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: തോട്ടം മേഖലയിൽ പണിയെടുക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നയപരമായ തീരുമാനമെടുക്കുന്നതിന് സർക്കാർ തയ്യാറാകണം. തോട്ടം മേഖലയിലുള്ളവരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ മാറിമാറി വന്ന സർക്കാരുകളെല്ലാം ശ്രമിച്ചിട്ടുണ്ടെങ്കിലും ശാശ്വത പരിഹാരം കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. വളരെയധികം അസൗകര്യം സൃഷ്ടിക്കുന്നതും ശോചനീയവുമായ ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി മാറ്റിവച്ച 40 കോടി രൂപ ഇതുവരെയും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ഇരട്ടവീടുകളെല്ലാം

ഒറ്റ വീടുകളാക്കാമെന്ന് വകുപ്പുമന്ത്രി പറഞ്ഞെങ്കിലും അതുകൊണ്ടൊന്നും ഇക്കാര്യത്തിന് ശാശ്വത പരിഹാരമാകുന്നില്ല. തലമുറകളായി ഇവിടെ താമസിക്കുന്നവർക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടേണ്ട നടപടികളിലേയ്ക്കാണ് സർക്കാർ പോകേണ്ടത്. തോട്ടം ഉടമകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുത്ത് അതിൽനിന്ന് അവർക്ക് അഞ്ചുസെന്റ് വീതം കൊടുത്ത് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം. ഏറ്റവും കുറഞ്ഞ കൂലിക്ക് തോട്ടത്തിൽ ജോലി ചെയ്തവർ റിട്ടയർമെന്റ് ആനുകൂല്യങ്ങളോ ഗ്രാറ്റുവിറ്റിയോ വാങ്ങാതെ വേറെ എവിടെയെങ്കിലും പോയി ജോലി ചെയ്തിട്ട് കിടക്കാൻ സ്ഥലമില്ലാത്തതുകൊണ്ട് തോട്ടങ്ങളിലെ ലയത്തിൽ വന്ന് കിടക്കുന്ന അവസ്ഥയുണ്ട്. ഈ പ്രശ്നത്തിന് അടിയന്തര നടപടി സ്വീകരിക്കണം. പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായ മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനും തോട്ടം തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിനും ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കേരളത്തിലെ ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കുള്ള ഭവന

നിർമ്മാണത്തിനായി 'ഭവനം ഫൗണ്ടേഷൻ' പദ്ധതി രൂപീകരിച്ച് 40 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളെ തോട്ടത്തിന് പുറത്ത് താമസിപ്പിച്ചാൽ തോട്ടത്തിൽ ജോലി ലഭിക്കില്ല എന്നതുകൊണ്ട് തോട്ടത്തിനകത്തുതന്നെ വീട് വച്ചുകൊടുക്കേണ്ട സാഹചര്യമാണുള്ളത്. രണ്ട് ലയങ്ങൾ ഒരുമിപ്പിച്ച് മൂന്ന് മുറിയും ഒരു അടുക്കളയും നിർമ്മിച്ചുനൽകുക എന്നതാണ് തോട്ടം മേഖലയിലുള്ളവർക്കായി ഇപ്പോൾ താൽക്കാലികമായി ചെയ്യാൻ സാധിക്കുന്നത്. പ്ലാന്റേഷൻ ഹൗസിംഗ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഈ വർഷം തന്നെ അതിനുള്ള നടപടി ആരംഭിക്കുന്നതാണ്. താമസിക്കാൻ വീടില്ലാത്തതുകൊണ്ട് റിട്ടയർ ചെയ്തിട്ടും ഗ്രാറ്റുവിറ്റി വാങ്ങാതെ കഴിയേണ്ടിവരുന്നവർക്കായി പഞ്ചായത്തുകളുമായി ആലോചിച്ച് തോട്ടങ്ങളുടെ പുറത്ത് സർക്കാർ മുൻകയ്യെടുത്ത് ഒരു ഭവന പദ്ധതി നടപ്പിലാക്കുന്നതാണ്. സർക്കാർ ഭൂമിയോ തോട്ടത്തിനകത്തുള്ള മിച്ച ഭൂമിയോ കണ്ടെത്തി അത് വീണ്ടെടുത്ത് തൊഴിലാളികൾക്ക് ഒരു ഭവനപദ്ധതി നടപ്പിലാക്കുന്നതാണ്. സ്കാനിംഗ് അടക്കമുള്ള ആധുനിക ചികിത്സാസൗകര്യങ്ങൾക്കുള്ള ചെലവുകൾ ഇനിമുതൽ തോട്ടം ഉടമകൾ വഹിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവ് ഇറക്കിക്കഴിഞ്ഞു. ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധികൾ ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായി ലയിപ്പിച്ച് കാര്യക്ഷമമായി കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് വീട്, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെങ്കിലും പരിമിതമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. തങ്ങളുടെ മക്കൾക്ക് അവിടെ ജോലി കിട്ടുമെന്ന് ഉറപ്പുണ്ടായിരുന്നപ്പോൾ കിട്ടിയ സാഹചര്യങ്ങളിൽ ഒതുങ്ങിക്കൂടി ജീവിച്ചിരുന്നവർ ഇപ്പോൾ അതിൽനിന്നും മാറി കുട്ടികൾക്ക് നല്ല വിദ്യാഭ്യാസവും തൊഴിലും ലഭ്യമാകുന്ന സാഹചര്യമുണ്ടാക്കാനാണ് ആഗ്രഹിക്കുന്നത്. കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി തുക ചെലവഴിക്കേണ്ടിവരികയും അതിനുള്ള സൗകര്യങ്ങളില്ലാതെ വരികയും ചെയ്യുന്ന സാഹചര്യമാണ് ഇന്ന് തോട്ടം തൊഴിലാളി മേഖലയിലെ അസ്വസ്ഥതയ്ക്ക് കാരണമായിട്ടുള്ളത്. ഈ സാഹചര്യത്തിൽ തൊഴിൽ വകുപ്പുമന്ത്രി ആവിഷ്കരിച്ചിട്ടുള്ള ചില പ്രത്യേക പരിപാടികൾ വിജയകരമായി നടപ്പിലാക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

### (1) മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര നിയോജകമണ്ഡലത്തിലെ രൂക്ഷമായ ഗതാഗത തടസ്സം നേരിടുന്ന മുള്ളൂർക്കര, പൈങ്കുളം ലെവൽക്രോസ്സുകളിൽ

മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്ത് എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കരയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിർമ്മാണച്ചെലവിന്റെ പകുതി റെയിൽവേ വഹിക്കുന്നതാണ്. ഇതിന്റെ വിശദമായ പദ്ധതിരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. പൈങ്കുളം റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(2) ഓഹരികൾ വിറ്റഴിക്കൽ

ശ്രീ. എളമരം കരീം: കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ പത്തുശതമാനം ഓഹരികൾ വിറ്റഴിച്ച് സ്വകാര്യവൽക്കരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിലപാടിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനമായി അംഗീകരിച്ചിട്ടുള്ള കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ 3,39,84,000 ഇക്വിറ്റി

ഓഹരികളാണ് വിൽക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ സമാഹരിക്കുന്ന തുക കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് മറ്റ് രീതിയിൽ തുക സമാഹരിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാലാണ് ഈ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഡിസ്‌ഇൻവെസ്റ്റ്‌മെന്റിലൂടെ പുതിയ ഇൻവെസ്റ്റ്‌മെന്റിന് ശ്രമിക്കുമെന്ന് പറഞ്ഞിട്ടുള്ള സാഹചര്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നതാണ്.

(3) മെഡിക്കൽ കോളേജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: 2013 നവംബർ 30-ന് തറക്കല്ലിട്ട കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകളുണ്ടാകണമെന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച കാസർഗോഡ് മെഡിക്കൽ കോളേജിനായി 60 ഏക്കർ സ്ഥലവും നിർമ്മാണത്തിനായി 17 കോടി 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലത്തേയ്ക്കുള്ള റോഡ് നിർമ്മാണം കിറ്റ്കോയുടെ ചുമതലയിലാണ് നടന്നുവരുന്നത്. പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിന് കിറ്റ്കോ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അതിനുവേണ്ടി നബാർഡ് തുക അനുവദിക്കുകയും ഒന്നാം ഗഡു

കൈമാറുകയും ചെയ്തിട്ടുണ്ട്. അക്കാദമിക് ബ്ലോക്ക് നിർമ്മിക്കാൻ കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. എത്രയും വേഗത്തിൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്.

(4) കാരുണ്യ ചികിത്സാ സഹായ പദ്ധതി

ശ്രീ. ഹൈബി ഈഡൻ: കേരള സർക്കാരിന്റെ കീഴിലുള്ള കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ യാതൊരു മാറ്റവും വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഈ പദ്ധതി തുടർന്നും നടപ്പാക്കും. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനാണ് ടി.സി.എസ്.-നെ ചുമതലപ്പെടുത്തിയിരിക്കുന്നത്. 'സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി' നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(5) ധനസഹായം

ശ്രീ. പി. തിലോത്തമൻ: ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട് പഞ്ചായത്തിൽ ഗുണ്ടാസംഘത്തിന്റെ ആക്രമണത്തിൽ മരണപ്പെട്ട ജോൺസൺ, സുബിൻ എന്നീ യുവാക്കളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പോലീസ് അന്വേഷണത്തിലൂടെ കുറ്റവാളികളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഗുണ്ടാസംഘങ്ങൾക്കെതിരെ 'കാപ്പ' ചുമത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(6) പൂജാദികർമ്മങ്ങൾ ചെയ്യാനുള്ള അവകാശം

ശ്രീ. വി. എസ്. സുനിൽ കുമാർ: താന്ത്രികവിദ്യ അഭ്യസിച്ച ഹിന്ദുമതത്തിലെ എല്ലാ ജാതിയിൽപ്പെട്ടവർക്കും ക്ഷേത്രങ്ങളിൽ പൂജാദികർമ്മങ്ങൾ ചെയ്യുവാനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകഴിഞ്ഞു. മിനിസ്റ്റീരിയൽ ജീവനക്കാരുടെയും പാരമ്പര്യ ജീവനക്കാർ ഒഴികെയുള്ള ക്ഷേത്ര ജീവനക്കാരുടെയും ഒഴിവുകളിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡായിരിക്കും നിയമനം നടത്തുന്നത്. അവർക്കായി പബ്ലിക് സർവ്വീസ്

കമ്മീഷൻ ബാധകമായിട്ടുള്ള അനുപാതത്തിൽ റിസർവ്വേഷനും ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തുമ്പോൾ എല്ലാ വിഭാഗക്കാരെയും നിയമിക്കാൻ വ്യവസ്ഥയുള്ളതിനാൽ പ്രത്യേക നിയമനിർമ്മാണം നടത്തേണ്ട ആവശ്യമില്ല.

(7) നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കാത്തതുമൂലം സംസ്ഥാനത്തെ നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിൽ വ്യാപകമായ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണം കേരളത്തിൽ നിന്നുള്ള നഴ്സുമാർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. 18 രാജ്യങ്ങളിലേയ്ക്കുള്ള നഴ്സുമാരുടെ നിയമനത്തിന് എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. അത് നീക്കുന്നതിന് സർക്കാർ പരമാവധി ശ്രമിച്ചെങ്കിലും ഒരു മാസത്തെ ഇളവ് മാത്രമാണ് ലഭിച്ചത്. കേരളം ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. ബദൽ സംവിധാനമുണ്ടാക്കുന്നതിന് കുവൈറ്റ് മാത്രമേ തയ്യാറായിട്ടുള്ളൂ. ഇതുസംബന്ധിച്ച് മറ്റ് രാജ്യങ്ങളുമായി ചർച്ച നടക്കുകയാണ്.

## (8) നഷ്ടപരിഹാരം

ശ്രീ. എസ്. ശർമ്മ: വൈപ്പിൻ നിയോജകമണ്ഡലത്തിലെ എ.കെ.ജി. വായനശാലയും അതിനോടനുബന്ധിച്ചുള്ള കച്ചവട സ്ഥാപനങ്ങളും തീവച്ചുനശിപ്പിച്ച സാമൂഹ്യവിരുദ്ധരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): എറണാകുളം ജില്ലയിലെ മുനമ്പം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചെറായി എസ്.എം.എസ്. ഹൈസ്കൂളിന് എതിർവശത്തെ ഇരുനിലകെട്ടിടത്തിലുണ്ടായ തീപിടിത്തം സംബന്ധിച്ച് മുനമ്പം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതുസംബന്ധിച്ച തെളിവുകൾ ശേഖരിച്ച് തിരുവനന്തപുരം ഫോറൻസിക് ലാബിലേക്ക് അയയ്ക്കുകയും എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് മുനമ്പം പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിച്ച് പ്രതികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരം ലഭ്യമാക്കുന്ന കാര്യം മുഖ്യമന്ത്രിയുമായി സംസാരിക്കുന്നതാണ്.

(9) അരുണിന്റെ മരണത്തിലെ ദുരൂഹത

ശ്രീ. ബി. സത്യൻ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ജോലിക്കിടയിൽ കാണാതായ അരുൺ കുമാർ എന്ന ഉദ്യോഗസ്ഥന്റെ മരണത്തിലെ ദുരൂഹത പുറത്തുകൊണ്ടുവരുന്നതിനും ആവശ്യമായ നിയമ-ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിൽ നിന്നും കാണാതായ ആറ്റിങ്ങൽ സ്വദേശിയും വടവുകോട് വി.ഇ.ഒ.യുമായ അരുൺകുമാറിന്റെ മൃതദേഹം ചോറ്റാനിക്കരയ്ക്കു സമീപമുള്ള പാറമടയിൽ ജീർണ്ണിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പുത്തൻകുരിശ്, ചോറ്റാനിക്കര പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചുമതലപ്പെടുത്തിയ എറണാകുളം റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. കേസ് അന്വേഷിച്ചുവരികയുമാണ്. അരുൺകുമാറിന്റെ മരണത്തിനു പിന്നിലെ ദുരൂഹത പുറത്തുകൊണ്ടുവരുന്നതിന് ഊർജ്ജിത ശ്രമം നടത്തുന്നതാണ്.

(10) ഗുഡ് സർവ്വീസ് എൻട്രി

ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): ബാങ്ക് കവർച്ചകളും കൊലപാതകങ്ങളു മുൾപ്പെടെ നിരവധി കേസ്സുകൾ തെളിയിച്ച കാസർഗോഡ് ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി ഉൾപ്പെടെയുള്ള അംഗീകാരങ്ങൾ നൽകുന്നതിന് നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കാസർഗോഡ് ജില്ലയിലെ ബാങ്കുകൾ കവർച്ച ചെയ്യപ്പെട്ട കേസിലും ജാനകി അമ്മ വധക്കേസുൾപ്പെടെയുള്ള നിരവധി കേസ്സുകളിലും സ്തുത്യർഹമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തിയ ജില്ലാ പോലീസ് സൂപ്രണ്ട് ഡോ. ശ്രീനിവാസനും മറ്റ് പോലീസ് ഉദ്യോഗസ്ഥർക്കും ക്യാഷ് അവാർഡും മറ്റ് അംഗീകാരവും നൽകുന്ന കാര്യം സംസ്ഥാന പോലീസ് മേധാവിയുടെ പരിഗണനയിലാണ്. കേസ്സുകൾ തെളിയിച്ച പോലീസുദ്യോസ്ഥർക്ക് ഉടൻതന്നെ പാരിതോഷികങ്ങൾ നൽകുന്നതാണ്.

## (11) ഉന്നതതല അന്വേഷണം

ശ്രീ. പുരുഷൻ കടലുണ്ടി: നടക്കാവ് പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഉദ്യോഗസ്ഥൻ ഷാജിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ ഉന്നതതല അന്വേഷണം നടത്തുന്നതിനും കുടുംബത്തിന് സാമ്പത്തിക

സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് വാട്ട്സ് ആപ് ഗ്രൂപ്പിലേയ്ക്ക് അശ്ലീലചിത്രം അയച്ചതായ പരാതിയിൽ നടക്കാവ് പോലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ. ഷാജിയെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തതിനെ തുടർന്നാണ് അദ്ദേഹം ആത്മഹത്യ ചെയ്തത്. സസ്പെൻഷനും പത്രമാധ്യമങ്ങളിലൂടെ വിവരങ്ങൾ പ്രചരിച്ചതുംമൂലമുള്ള മാനസിക ആഘാതത്തെ തുടർന്നാണ് ആത്മഹത്യ ചെയ്തതെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. മൊബൈൽ ഫോണിലൂടെ തെറ്റായി സന്ദേശമയച്ചതാണെന്നും തെറ്റ് മനസ്സിലായപ്പോൾതന്നെ അത് പിൻവലിച്ചു എന്നുമാണ് അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നും അറിയാൻ കഴിഞ്ഞത്. ഈ വിഷയം സംബന്ധിച്ച് നോർത്ത് എ.ഡി.ജി.പി.യുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം പ്രത്യേക കേസ്സായി പരിഗണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (12) ചന്ദ്രബോസ് വധക്കേസ്

ശ്രീ. ബാബു എം. പാലിശ്ശേരി: ചന്ദ്രബോസ് വധക്കേസിന്റെ വിചാരണ സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നീക്കുന്നതിനും ഈ

കേസ്സിൽ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നിരന്തരമായ വീഴ്ചകൾ അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചന്ദ്രബോസ് വധക്കേസിൽ കുറ്റപത്രത്തോടൊപ്പം പ്രോസിക്യൂഷൻ ഹാജരാക്കിയ സി.ഡി., ഡി.വി.ഡി. എന്നിവയുടെ അടിസ്ഥാനത്തിൽ കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യണമെന്നുള്ള അപേക്ഷ വിചാരണ കോടതി തള്ളിയതിനെതിരെ ഹൈക്കോടതിയിൽ പ്രതി നിസ്സാം ഫയൽ ചെയ്ത ഹർജി പരിഗണിച്ച കോടതി വിചാരണ കോടതിയുടെ നടപടി ശരിവച്ചിരിക്കുകയാണ്. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള അഭിഭാഷകരുടെ പരിശ്രമംമൂലമാണ് പ്രോസിക്യൂഷന് അനുകൂലമായ തീർപ്പുണ്ടാക്കാൻ സാധിച്ചത്. സുപ്രീംകോടതിയിൽ കേസ് വന്നപ്പോൾ സർക്കാർ അഭിഭാഷകൻ ഹാജരാകാതിരുന്നത് നോട്ടീസ് ലഭിക്കാത്തതുകൊണ്ടാണ്. ഈ കേസിന്റെ കാര്യത്തിൽ വളരെ നല്ല നിലയിലാണ് പ്രോസിക്യൂഷൻ നടപടികൾ മുന്നോട്ടുപോകുന്നത്.

(13) ഫർക്ക ശുദ്ധജല വിതരണ പദ്ധതി

ശ്രീമതി ഗീതാ ഗോപി: നാട്ടിക ഫർക്ക ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണവും ശുദ്ധജല വിതരണ ശൃംഖലയുടെ വിപുലീകരണവും

സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തളിക്കുളം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പത്ത് പഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള 22 കോടി രൂപയുടെ പദ്ധതിക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(14) കുടിവെള്ള പദ്ധതി

ശ്രീ. പി. റ്റി. എ. റഹീം: കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കോഴിക്കോട് നഗരത്തിന്റെയും 13 സമീപ പഞ്ചായത്തുകളുടെയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി. പെരുവണ്ണാമൂഴിയിലെ ശുദ്ധീകരണ ശാലയിൽ നിന്നുള്ള 174 ദശലക്ഷം ലിറ്റർ ശുദ്ധജലവും മാവൂരിലെ പ്ലാന്റിൽ നിന്നുള്ള 72 ദശലക്ഷം ലിറ്റർ ശുദ്ധജലവും ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി പ്രദേശത്ത് ജലവിതരണം

നടത്തിവരുന്നത്. മാവൂരിലെ പ്ലാന്റിൽ നിന്നും മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിലേക്ക് ആവശ്യമായ ശുദ്ധജലം എത്തിക്കാനുള്ള സാധ്യതാ പഠനം ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (15) പരീക്ഷാ നടത്തിപ്പ്

ശ്രീ. രാജു എബ്രഹാം: ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷയുടെ തീയതി പ്രസിദ്ധപ്പെടുത്തുന്നതിനും ഓൺലൈൻ പരീക്ഷ നടത്തുന്നതിന് സാങ്കേതിക സർവ്വകലാശാലയിൽത്തന്നെ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷകൾ ഓൺലൈനിലൂടെ നടത്താനുദ്ദേശിച്ചിരുന്നെങ്കിലും ഓൺലൈൻ സംവിധാനം സംബന്ധിച്ചുള്ള വിദ്യാർത്ഥി സംഘടനകളുടെ പ്രതിഷേധത്തെത്തുടർന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദ്ധ്യാപക-വിദ്യാർത്ഥി പ്രതിനിധികളുടെ യോഗം ചേരുകയും ക്രിസ്തുമസ് അവധി കഴിഞ്ഞാലുടൻ മറ്റ് സംസ്ഥാനങ്ങളിൽ കാലങ്ങളായി അനുവർത്തിച്ചുവരുന്നതുപോലെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷ

നടത്തുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഏജൻസി വഴിയുള്ള ഓൺലൈൻ പരീക്ഷാ നടത്തിപ്പ് സ്വീകാര്യമല്ലെന്നും സർക്കാർ/യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈൻ പരീക്ഷ നടത്തുന്നതിൽ എതിർപ്പില്ലെന്നും വിദ്യാർത്ഥി സംഘടനകൾ വ്യക്തമാക്കിയ സാഹചര്യത്തിൽ സാങ്കേതിക സർവ്വകലാശാല തന്നെ ഈ ആവശ്യത്തിലേയ്ക്കായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(16) സ്മാരക മന്ദിരം നിർമ്മിക്കൽ

ശ്രീ. വർക്കല കഹാർ: ഗാന്ധിജി ശ്രീനാരായണ ഗുരുവിനെ സന്ദർശിച്ചതിന്റെ സ്മരണാർത്ഥം ശിവഗിരിയിലെ വനജാക്ഷി മന്ദിരം ദേശീയ സ്മാരകമായി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ചരിത്ര പ്രാധാന്യമുള്ളതും 90 വർഷത്തിലധികം പഴക്കമുള്ളതുമായ വനജാക്ഷി മന്ദിരം അതിന്റെ ഒറിജിനാലിറ്റി നഷ്ടപ്പെടാതെ പുനർ നിർമ്മിക്കുന്നതിനും ഗാന്ധിജിയുടെയും ഗുരുദേവന്റെയും ഓരോ പ്രതിമ സ്ഥാപിക്കുന്നതിനും ഗുജറാത്തി ഭാഷയിലുള്ള രേഖകളും അതിന്റെ ഇംഗ്ലീഷ്, മലയാളം പരിഭാഷകളും പ്രദർശിപ്പിക്കുന്നതിനും പുരാവസ്തു വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(17) നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തൽ

ശ്രീ. റ്റി. വി. രാജേഷ്: പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തി സഞ്ചാരയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കെ.എസ്.ടി.പി. II പദ്ധതിയിൽപ്പെടുത്തി 118.29 കോടിരൂപ ചെലവഴിച്ചാണ് 20.9 കി.മീ. ദൈർഘ്യമുള്ള പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തിവരുന്നത്. റോഡിന്റെ നിർമ്മാണത്തിനായി റെയിൽവേ ഗേറ്റ് അടച്ചിട്ടിരിക്കുന്നതുമൂലമുള്ള ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആറ് സമാന്തര പാതകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. 2016 ജൂൺ മാസത്തോടെ ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(18) മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): മണ്ണാർക്കാട് ബൈപ്പാസിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കുകയും റോഡിന്റെ അലൈൻമെന്റ്

തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മണ്ണാർക്കാട് ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിക്കാത്തതിനെത്തുടർന്ന് വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എൻ.എച്ച്.966 റോഡിന്റെ സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിനും റോഡിലെ കലിങ്കുകളുടെ പുനർനിർമ്മാണത്തിനുമായി യഥാക്രമം 6 കോടി രൂപയുടെയും 30 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

(19) റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീമതി കെ.എസ്. സലീഖ: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പാലക്കാട്-പെരുന്തൽമണ്ണ റോഡിന്റെ ഭാഗമായ ചുത, ചെർപ്പുളശ്ശേരി-ഒറ്റപ്പാലം, വണിയംകുളം-കോതകുറിശ്ശി, കൊപ്പം-പേങ്ങാട്ടുഗിരി തുടങ്ങിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കുകയും പട്ടാമ്പി-ചെർപ്പുളശ്ശേരി

റോഡിന് 25 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവർത്തിക്കുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഷൊർണ്ണൂർ മണ്ഡലത്തിലെ മറ്റേതെങ്കിലും പ്രദേശത്ത് പണികൾ പൂർത്തിയാക്കാനുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതാണ്.

## (20) നടപടിക്രമങ്ങൾ ലഘൂകരിക്കൽ

ശ്രീ. പി. ഉബൈദുള്ള: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനനവും മരണവും യഥാസമയം രജിസ്റ്റർ ചെയ്യാത്തവർക്ക് ജനന-മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ . മുനീർ): ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളെക്കുറിച്ചും നിർദ്ദിഷ്ട സമയപരിധിയെക്കുറിച്ചുമുള്ള അവബോധമില്ലായ്മ കാരണം പ്രസ്തുത സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാത്ത സംഗതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് ജനന-മരണ രജിസ്ട്രാറായി ചുമതലപ്പെടുത്തിയിട്ടുള്ളത്. മുപ്പത് ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്തവ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയടുത്തും ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ ആർ.ഡി.ഒ.-യുടെ അനുമതിയോടെയും മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. 1999-

ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടമനുസരിച്ച് രജിസ്റ്റർ ചെയ്യാത്തവർക്ക് ഫോറം നമ്പർ -10-ൽ ഒരു നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ജനന-മരണ രജിസ്ട്രാർ നൽകേണ്ടതാണ്. ജനന-മരണ സ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളുവെന്നതിനാൽ മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടില്ല. നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അഞ്ച് രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ സഹിതം അതാത് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ആർ.ഡി.ഒ.-യുടെ അനുമതി ലഭിച്ചാൽ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇതുസംബന്ധിച്ച് സ്പെസിഫിക്കായ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി പൊതുവായ ചട്ടത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(21) <u>തൊറാസിക് സർജറി പി.ജി. കോഴ്സ്</u>

<u>ശ്രീ. റ്റി.എൻ. പ്രതാപൻ:</u> തൊറാസിക് സർജറി പി.ജി. കോഴ്സ് റീ-സ്ട്രക്ചർ ചെയ്ത് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്.</u>

ശിവകുമാർ): തൊറാസിക് സർജറി പി.ജി. കോഴ്സ് നിലവിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനതല പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ മുൻഗണനാക്രമമനുസരിച്ചാണ് കോഴ്സുകളിൽ അഡ്മിഷൻ നടത്തുന്നത്. ഈ കോഴ്സുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട സൂക്ഷ്മത, കാര്യശേഷി, ജോലിഭാരം എന്നിവ കാരണം അപേക്ഷകരില്ലാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. ഈ രംഗത്ത് വിദ്യാർത്ഥികൾ കുറയാനുള്ള കാരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതാണ്. നിലവിൽ തൊറാസിക് സർജറി വിഭാഗം പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ചികിത്സാസൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം നടത്തുന്നതിന് പി.എസ്.സി.-യുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(22) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്.

ശിവകുമാർ): കൊണ്ടോട്ടി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അനുമതി നേരത്തെ നൽകാൻ കഴിഞ്ഞില്ല. പുതിയ താലൂക്ക് രൂപീകരിച്ച സാഹചര്യത്തിൽ ഈ ആശുപത്രിയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(23) ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കൽ

ശ്രീ. എം. ഉമ്മർ: മഞ്ചേരി മെഡിക്കൽ കോളേജും ജനറൽ ആശുപത്രിയും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതുമൂലം രോഗികളും ഡോക്ടർമാരും ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ പ്രസ്തുത ജനറൽ ആശുപത്രി ചരണിയിലേയ്ക്ക് മാറ്റി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ചരണിയിൽ പ്രവർത്തനമാരംഭിക്കുന്ന ജനറൽ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമെന്ന നിലയിൽ 8 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ആശുപത്രി

പ്രവർത്തനമാരംഭിക്കുന്നതോടുകൂടി പ്രദേശവാസികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്നതാണ്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പശ്ചാത്തല സൗകര്യവും തസ്തികകളും സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(24) ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രിയായി ഉയർത്തൽ

ശ്രീ. വി.റ്റി. ബൽറാം: അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ കൊഴിക്കര ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനും ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രണ്ട് ഷിഫ്റ്റുകളിലായി അധിക ജീവനക്കാരെ നിയമിച്ച് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : കൊഴിക്കര ആയുർവ്വേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിൻമേൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗപ്പെടുത്തി 27 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ചാലിശ്ശേരി സി.എച്ച്.സി. കൂടി ഉൾപ്പെടുത്തുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) 2015-ലെ മുന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനകളുടെയും 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റുമെന്റുകൾ മേശപ്പുറത്തുവച്ചു.

## ക്രമപ്രശ്നം

ബിൽഡിംഗ് റൂൾസിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്

ശ്രീ. വി.എസ്. സുനിൽകുമാർ: 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിന്റെ 44-ാം വകുപ്പ് പ്രകാരം മൂന്ന് നിലകളിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മന്ത്രിസഭാ തീരുമാനം കേന്ദ്ര നിയമത്തിന് വിരുദ്ധമായതും നിയമസഭയോടുള്ള അവഹേളനവുമായതിനാൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിന്റെ ചട്ടം 44 ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച ഫ്ലാറ്റ് ഉടമകൾക്ക് അനുകൂലമായി ചട്ടത്തിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചു എന്ന ആരോപണം തെറ്റിദ്ധാരണാജനകമാണ്. നാഷണൽ ബിൽഡിംഗ് കോഡ് കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കെ.എം.ബി.ആർ.-ലെ നിയമവ്യവസ്ഥകൾ അനുവർത്തിക്കാനാണ് മന്ത്രിസഭായോഗം തീരുമാനിച്ചത്. ഇതിലെ ചട്ടം 44 പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് ഇളവ് നൽകിയിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകിവരുന്നത്. അതിൽ മാറ്റം വരുത്തിയിട്ടില്ല.

## റൂളിംഗ്

മി. സ്പീക്കർ: കേരള ഹൈക്കോടതിയുടെ സി.എം ദിനേശ് മണി v/s. സ്റ്റേറ്റ് ഓഫ് കേരള 2015-3 KAT -C-957 എന്ന കേസ്സിലെ വിധിപ്രകാരം NBC ഒരു ഗൈഡ്‌ലൈൻ മാത്രമാണെന്നും പ്രസ്തുത ഗൈഡ്‌ലൈൻസ് ബിൽഡിംഗ്സ് റൂൾസിൽ

ഉൾക്കൊള്ളിക്കണമോ എന്ന കാര്യം സംസ്ഥാന സർക്കാരിന് തീരുമാനിക്കാമെന്നും പ്രസ്തുത വിധിയിലുണ്ട്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസിലെ 44-ാം വകുപ്പപ്രകാരം ഫയർ പ്രൊട്ടക്ഷന് മാത്രമാണ് എൻ.ബി.സി. റൂൾ ബാധകമാക്കിയിട്ടുള്ളത്. ഇത് 1999-ൽ കേരള നിയമസഭ പാസ്സാക്കിയതാണെന്ന പരാമർശം ശരിയല്ല. പ്രസ്തുത റൂൾസ് സഭാ ചട്ടങ്ങളിൽ നിബന്ധന ചെയ്തിട്ടുള്ള പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുക മാത്രമേ ചെയ്തിട്ടുള്ളു. മേൽ പരാമർശങ്ങളുടെയും ഹൈക്കോടതിയുടെയും മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും വിശദീകരണങ്ങളുടെയും വെളിച്ചത്തിൽ ശ്രീ. വി. എസ്. സുനിൽകുമാർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ മലയാള ഭാഷ (വ്യാപനവും

പരിപോഷണവും) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭരണഘടനയ്ക്ക് വിധേയമായി കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളഭാഷയെ അംഗീകരിക്കുന്നതിനും കേരളത്തിന്റെ സമസ്ത മേഖലകളിലും മലയാളഭാഷയുടെ ഉപയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്ന നിയമമാണിത്. എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുകയും ഭരണഭാഷയും കോടതിഭാഷയും പൂർണ്ണമായും മലയാളത്തിലാക്കുകയും ബിരുദബിരുദാനന്തര പരീക്ഷകളും പ്രവേശന പരീക്ഷകളും മലയാളത്തിലെഴുതാൻ അനുവദിക്കുകയും ചെയ്യണം. മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കാൻ ധാരാളം ആളുകളുടെ പരിശ്രമമുണ്ടായിരുന്നു. ഒരു ഭാഷയായി പോലും മലയാളം പഠിക്കുന്നില്ല. ഈ നിയമം ശക്തിപ്പെടണമെങ്കിൽ 'ഏക

ഔദ്യോഗിക ഭാഷ' എന്നതന്നെ ഈ ബില്ലിൽ പ്രയോഗിക്കണം. നമ്മുടെ മണ്ണിൽ നിന്നും സമൂഹത്തിൽ നിന്നും ബന്ധങ്ങളിൽ നിന്നും വർത്തമാനകാലത്തിലെ പുതിയ തലമുറ അകന്നുപോകുന്നതിന് തടയിടാൻ മാതൃഭാഷാ പഠനത്തിനേ കഴിയൂ. അതിന് ഉതകുന്ന തരത്തിൽ ഒരു ശാസ്ത്രീയ സമീപനം ഈ ബിൽ പുലർത്തുന്നില്ല. 2011 മെയ് 6-ന് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പത്താംതരംവരെ മലയാളം ഒന്നാം ഭാഷയാക്കി ഉത്തരവ് വന്നപ്പോൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും മലയാളം നിർബന്ധമാക്കുമെന്ന് മനസ്സിലാക്കിയ സ്വകാര്യ മാനേജ്മെന്റുകൾ കേസിനുപോയപ്പോഴാണ് സമഗ്ര ഭാഷാ നിയമം എന്ന ആശയം വന്നത്. കേരളത്തിലെ സിവിൽ-ക്രിമിനൽ കോടതികളിൽ മലയാളഭാഷ വിധി പ്രസ്താവത്തിനും വാദത്തിനും ഉപയോഗിച്ചിരുന്നു. ജസ്റ്റിസ് കെ. കെ. നരേന്ദ്രന്റെ നേതൃത്വത്തിൽ കോടതിഭാഷ മലയാളമാക്കുന്നതിനെക്കുറിച്ച് പഠിച്ച കമ്മിറ്റി രണ്ട് കൊല്ലത്തിനകം ജില്ലാ കോടതി വരെയുള്ള കോടതികളിൽ കോടതി ഭാഷ മലയാളമാക്കണമെന്ന് അഭിപ്രായപ്പെട്ടു. ഐക്യ കേരളം പിറന്ന് 60 വർഷമായിട്ടും അശാസ്ത്രീയ സമീപനങ്ങൾകൊണ്ടും നടപടികൾകൊണ്ടും മലയാള ഭാഷയ്ക്കും കേരളീയ ജനതയ്ക്കും അതിന്റെ അസ്ഥിത്വം നിലനിർത്താൻ കഴിയാതെ വരുന്നത് പരിശോധിക്കപ്പെടണം. സിവിൽ സർവ്വീസ് പരീക്ഷകൾ 1968 മുതൽ മലയാളം ഉൾപ്പടെയുള്ള മാതൃഭാഷകളിൽ എഴുതാമെങ്കിലും കേരളത്തിലെ സെക്രട്ടേറിയറ്റ്,

സർവ്വകലാശാല അസിസ്റ്റന്റ് ഗ്രേഡ് പരീക്ഷകൾ ഇംഗ്ലീഷിൽ മാത്രമാണ് നടത്തുന്നതെന്നത് വിചിത്രമാണ്. ശ്രേഷ്ഠഭാഷാപദവി ലഭിച്ച മറ്റ് ഭാഷകൾക്കെല്ലാം പഠന വകുപ്പുള്ളതുപോലെ മലയാളത്തിനും പഠന വകുപ്പുണ്ടാകണം. മലയാള ഭാഷ സംസാരിക്കുന്ന സ്ഥലങ്ങളിലെല്ലാം വെക്കേഷൻ സമയത്ത് ഭാഷാ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും മലയാളത്തിൽ പ്രഗത്ഭരായ വ്യക്തികളെ ഉൾപ്പെടുത്തി മലയാളം പഠിപ്പിക്കുന്നതിനാവശ്യമായ സാഹചര്യമൊരുക്കുകയും വേണം. പുതിയ തലമുറയ്ക്ക് മലയാള ഭാഷയോട് താൽപര്യമുണ്ടാകത്തക്കവിധം പ്രസ്തുത ഭാഷയ്ക്ക് പ്രാമുഖ്യം നൽകുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഔദ്യോഗിക ഭാഷാസമിതി ശിപാർശ ചെയ്ത ഡയറക്ടറേറ്റ് ഈ ബില്ലിൽ ഉൾപ്പെടുത്തണം. മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള ഈ ബിൽ ഭേദഗതികളോടെ പാസ്സാക്കാൻ സാധിക്കണം.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. മലയാള ഭാഷയ്ക്ക് ധാരാളം സംഭാവനകൾ നൽകിയ ഒരു സർക്കാരാണ് ഇപ്പോൾ നിലവിലുള്ളത്. മലയാള ഭാഷയ്ക്കായി ഒരു സർവ്വകലാശാല വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ പേരിൽ തിരൂരിൽ മലയാള സർവ്വകലാശാല ഈ സർക്കാർ യാഥാർത്ഥ്യമാക്കി.

മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ ചരിത്ര നേട്ടമാണ്. ഔദ്യോഗികഭാഷാ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണം. ബില്ലിലെ മൂന്നാം വകുപ്പിലും ധനകാര്യ മെമ്മോറാണ്ടത്തിലും പരാമർശിക്കുന്ന കാര്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം സബ്ജക്ട് കമ്മിറ്റി പരിഗണിക്കുമ്പോൾ തിരുത്തപ്പെടണം. മലയാള ഭാഷ അന്യം നിന്നുപോകാതെ നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റേയും അവിഭാജ്യഘടകമായി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുകയും കോടതി ഭാഷയും ഭരണ ഭാഷയും പൂർണ്ണമായും മലയാളത്തിലാക്കുകയും ബിരുദ തലത്തിലുള്ള പരീക്ഷയും തൊഴിൽ പരീക്ഷകളും മലയാളത്തിലെഴുതാൻ അനുവദിക്കുകയും ചെയ്യണം. ഭാഷാ ന്യൂനപക്ഷങ്ങളുടെയും ആദിവാസികളുടെയും മാതൃഭാഷാപരമായ അവകാശം സംരക്ഷിക്കണം. മലയാള സർവ്വകലാശാല നിലവിൽ വന്ന സാഹചര്യത്തിൽ പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. ദക്ഷിണേന്ത്യയിൽ ഏറ്റവുമധികം ആളുകൾ ഉപയോഗിക്കുന്ന സംസ്ഥാനതല ഔദ്യോഗിക ഭാഷയായ മലയാളം ലോകത്തിലെ ആദ്യത്തെ മുപ്പത്തിയഞ്ച് ഭാഷകളിലൊന്നാണ്. കേരളത്തിലെ ജനങ്ങളെ ഏകോപിപ്പിക്കുന്ന മാധ്യമമാണ് മലയാള ഭാഷ. സമ്പൂർണ്ണ സാക്ഷരത

നേടിയ കേരളത്തിലെ പല വിദ്യാലയങ്ങളിലും മാതൃഭാഷയായ മലയാളം പഠിപ്പിക്കുന്നില്ല. കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കുന്നതിന് എല്ലാ സ്കൂളുകളിലും പത്താംതരംവരെ മലയാളഭാഷയും സാഹിത്യവും പഠിപ്പിക്കണമെന്ന നിബന്ധന കൊണ്ടുവന്നെങ്കിലും അത് പരിപൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അന്ധമായ വികാരങ്ങളെയും വാസനകളെയും സംസ്കരിച്ച് സാമൂഹ്യബോധമുള്ള വ്യക്തികളെ വാർത്തെടുക്കണമെങ്കിൽ മാതൃഭാഷയിലുള്ള സാഹിത്യവും സംസ്കാര പാഠങ്ങളും പരിചയമുണ്ടായിരിക്കണം. സി.ബി.എസ്.ഇ./ഐ.സി.എസ്.സി. സ്കൂളുകളിൽ പത്താംതരംവരെ മലയാളം മൂന്ന് പീരിയഡ് എങ്കിലും പഠിപ്പിച്ചിരിക്കണം. കേരളത്തിലെ എല്ലാ ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാളം പഠിക്കാനുള്ള അവസരം ഒരുക്കണം. ഇന്ന് പൊതു വിദ്യാലയങ്ങളിൽ ഏറ്റവുമധികം പീരിയഡുകൾ നീക്കിവച്ചിരിക്കുന്നത് ഇംഗ്ലീഷ് ഭാഷയ്ക്കാണ്. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന്റെ പകുതി പീരിയഡ് എങ്കിലും മലയാളം പഠിപ്പിക്കാനായി മാറ്റിവയ്ക്കണം. കേരളത്തിലെ ടെക്നിക്കൽ സ്കൂളുകളിലെ പഠന മാധ്യമം മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേയ്ക്ക് മാറിയിരിക്കുകയാണ്. വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസമാകണമെങ്കിൽ പൊതു സമൂഹത്തെ ബന്ധിപ്പിക്കുന്ന മാതൃഭാഷ പഠിപ്പിക്കണം. സെക്രട്ടേറിയറ്റ്, സർവ്വകലാശാല ഉൾപ്പെടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന

തൊഴിൽ പരീക്ഷകൾ ഇംഗ്ലീഷ് ഭാഷയിലായിരിക്കെ, ഇന്ത്യയിലെവിടെയും ജോലി ലഭിക്കാവുന്ന ഐ.എ.എസ്./ഐ.പി.എസ് പരീക്ഷകൾ മലയാളത്തിൽ എഴുതാമെന്ന വസ്തുത വിസ്മരിക്കരുത്. അഖിലേന്ത്യാ സർവ്വീസിൽ മലയാളത്തിന് നൽകുന്ന സ്ഥാനംപോലും സംസ്ഥാനതലത്തിൽ മലയാളത്തിന് ലഭിക്കുന്നില്ലെന്നുള്ളത് ലജ്ജാകരമാണ്. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിക്കണമെന്ന് വാദിക്കുമ്പോഴും കേന്ദ്രസർക്കാർ മലയാളത്തിന് നൽകുന്ന അംഗീകാരം കേരളത്തിൽ കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കണം. കേരളത്തിന് പുറത്ത് ജോലി ലഭിക്കണമെങ്കിൽ ഇംഗ്ലീഷ് ഭാഷ നിർബന്ധമാണെന്ന് വാദിക്കുന്നവർ കേരളത്തിലേയ്ക്ക് ജോലി തേടിയെത്തുന്ന അന്യ സംസ്ഥാന തൊഴിലാളികൾ മലയാളം പഠിക്കുന്നുണ്ടോയെന്ന് ചിന്തിക്കണം. മലയാള ഭാഷയുടെ പുരോഗതിക്കും വികാസത്തിനും ഭാഷാഭേദമെന്യേ മഹാരഥന്മാർ നൽകിയിട്ടുള്ള സംഭാവനകൾ സ്തുത്യർഹമാണ്. കോടതി ഭാഷ മലയാളമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുകയും മലയാളഭാഷാ നിയമമുണ്ടാക്കുന്നതിനായി ഔദ്യോഗിക ഭാഷാ സമിതി മുന്നോട്ടുവച്ചിട്ടുള്ള ശിപാർശകൾ ബില്ലിന്റെ ഭാഗാമാക്കാനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളിലും

മാതൃഭാഷ വേണ്ട രീതിയിൽ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകണം. ദേശത്തിന്റെ വികസനം വിദ്യാഭ്യാസത്തെ ആശ്രയിച്ച് നിലനിൽക്കുന്നതിനാൽ പഠനം മാതൃഭാഷയിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ബില്ലിൽ കടന്നുകൂടിയിട്ടുള്ള പിശകുകൾ തിരുത്തി മലയാളഭാഷയ്ക്ക് ഇണങ്ങുന്ന വിധത്തിൽ ബിൽ പരിഷ്കരിക്കാൻ തയ്യാറാകണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ:</u> ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാനമായിട്ടും 1969-ൽ നിയമനിർമ്മാണം നടത്തിയപ്പോൾ ഇംഗ്ലീഷും മലയാളവുമാണ് കേരളത്തിന്റെ ഔദ്യോഗിക ഭാഷകൾ എന്ന നിയമമുണ്ടാക്കി. സാംസ്കാരിക തനിമയുടെ പ്രോജ്വലമായ പ്രകാശനം നടക്കുന്നത് ഭാഷ വഴിയാണ്. ഭാഷ വഴിയാണ് ഭാവി തലമുറയ്ക്ക് അറിവുകൾ പകർന്നുകൊടുക്കുന്നത്. ഇൻഡ്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകൃതമായതിനുശേഷവും ഭാഷയ്ക്കുവേണ്ടി പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവന്നു. 2011-ൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കാനുള്ള ഉത്തരവിറക്കിയതും 2013-ൽ മലയാളം സർവ്വകലാശാലാ നിയമം പാസ്സാക്കിയതും ഇന്ന് മലയാള ഭാഷ (വ്യാപനവും പരിപോഷണവും) നിയമം കൊണ്ടുവന്നതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. മലയാളത്തിന് ക്ലാസിക് ഭാഷയുടെ അംഗീകാരത്തിനായി നടത്തിയ

സമരത്തിൽ മൂന്ന് പ്രാവശ്യം ലിംഗ്വിസ്റ്റിക് എക്സ്പെർട്ട് കമ്മിറ്റി വാദങ്ങൾ നിരാകരിച്ചതിനുശേഷം മുഖ്യമന്ത്രി ഇൻഡ്യൻ പ്രസിഡന്റുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലിംഗ്വിസ്റ്റിക് എക്സ്പെർട്ട് കമ്മിറ്റിയുടെ മുമ്പിൽ നാലാമത് ഒരു ഊഴം കിട്ടുകയും ശ്രേഷ്ഠഭാഷയെന്ന നിലയ്ക്കുള്ള അംഗീകാരം കിട്ടുകയും ചെയ്തു. മലയാളം ഔദ്യോഗിക ഭാഷയാക്കാനായി 31-08-1957-ൽ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റിയെ നിയമിക്കുകയും 1958-ൽ അദ്ദേഹം റിപ്പോർട്ട് നൽകുകയും ചെയ്തു. ഇതുസംബന്ധമായ ആദ്യ ഉത്തരവ് 19.10.1965-ലും രണ്ടാമത്തെ ഉത്തരവ് 19.4.1966-ലും ഇറങ്ങുകയുണ്ടായി. 1970-ൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയുണ്ടാക്കി. 1978 മുതൽ 1982 വരെയുള്ള 5 കൊല്ലം കൊണ്ട് ഔദ്യോഗിക ഭാഷ ഈ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള തീരുമാനമെടുത്തു. ഇതിനായി 01.08.1978 മുതൽ 31.07.1979 വരെ ഒരു വർഷം നീണ്ടുനിന്ന ഔദ്യോഗിക ഭാഷാ വർഷാചരണം സംഘടിപ്പിച്ചെങ്കിലും അത് വെറും ചടങ്ങുകളിൽ മാത്രം ഒതുങ്ങി. ഈ നിയമം ചിന്തയുടെ എല്ലാ മാനങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ പരിഷ്കരിക്കണം. ഭാഷാ സംസ്ഥാനമുണ്ടായതുമുതൽ ഭരണ ഭാഷ മലയാളമായിരുന്നുവെങ്കിൽ ഇന്ന് 'ഇന്ത്യയുടെ മാതൃകയാണ് കേരളം' എന്ന ഖ്യാതിയുണ്ടാകുമായിരുന്നു. ബൃഹത്തായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനങ്ങൾക്ക് മുൻതൂക്കം

നൽകണം. എൻസൈക്ലോപ്പീഡിയ തയ്യാറാക്കാനുള്ള ശ്രമം നവീകരിക്കാനും പൂർത്തിയാക്കാനും കഴിയണം. മലയാള ഭാഷയുടെ ഔന്നത്യം ഉയർത്താൻ കഴിയുന്ന ഈ നിയമം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുമ്പോൾ അധിക സമയമെടുത്ത് ചർച്ച ചെയ്യണം. ഭാഷ പരിസ്ഥിതിയും പരിതസ്ഥിതിയുമായി ബന്ധപ്പെട്ടുനിൽക്കുന്നതുകൊണ്ട് യാതൊരു രീതിയിലുള്ള വിവേചനവുമുണ്ടാകാത്ത നല്ല നിയമമാക്കി ഇതിനെ മാറ്റിയെടുക്കണം. ഭാഷയെക്കുറിച്ചുള്ള പുത്തൻ അറിവുകൾ സൃഷ്ടിക്കപ്പെടുന്നതിനനുസരിച്ച് ഭാഷാബോധന പഠന രീതികളിൽ മാറ്റം വരുത്തണം. ഭാഷാപരമായ ഉണർവ്വിന് അനുകൂലമായും വരും തലമുറയ്ക്ക് ഭാഷാഭിമാനമുണ്ടാകാൻ സഹായകമായ വിധത്തിലും ഈ നിയമനിർമ്മാണം സമഗ്രമായി അഴിച്ചുപണിയണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: അമിതമായ പ്രാദേശിക ഭാഷാ സ്നേഹം ഒരു ആധുനിക ജനാധിപത്യത്തിന് ചേർന്നതല്ല. മലയാള ഭാഷയെ പരമാവധി പുഷ്ടിപ്പെടുത്തുന്നതിനും വരുംകാലങ്ങളിൽ അതിനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും കഴിയണം. ഭാഷയുടെ പരമമായ ദൗത്യം ആശയവിനിമയമാണെങ്കിലും ചരിത്രവും സംസ്കാരവുമൊക്കെ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ മാതൃഭാഷയും പ്രാദേശിക ഭാഷയും മനസ്സിലാക്കേണ്ടതുണ്ട്. ഈ സർക്കാർ മലയാള ഭാഷയ്ക്കുവേണ്ടി മാതൃകാപരമായ പ്രവർത്തനങ്ങളാണ്

ചെയ്തിട്ടുള്ളത്. മലയാളഭാഷ സർവ്വകലാശാലയെന്ന ആശയം പ്രാവർത്തികമാക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. മലയാളത്തിന് ക്ലാസിക്കൽ ഭാഷാ പദവി കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടം തന്നെയാണ്. മലയാള ഭാഷയ്ക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുന്നതിനും ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനും വ്യക്തമായ ദീർഘവീക്ഷണത്തോടുകൂടിയ കർമ്മപദ്ധതി ആവിഷ്കരിക്കണം. മലയാള ഭാഷയുടെ വളർച്ചയ്ക്കായി സർക്കാർ നടത്തുന്ന സദുദ്ദേശപരമായ ഇടപെടലിനെ സ്വാഗതം ചെയ്യുന്നു. മലയാള ഭാഷയുടെ പദസമ്പത്ത് അനുയോജ്യമാംവിധം വർദ്ധിപ്പിക്കാനും ആഗോളവത്കരിക്കാനും ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലയാളികളെ തമ്മിൽ കോർത്തിണക്കുന്ന ഘടകങ്ങളിൽ ഒന്നായ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിൽ അഭിമാനിക്കുന്നു. മലയാളത്തെ ഒന്നാം ഭാഷയാക്കുന്നതിനും മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിനും കീഴ്കോടതികളിലെ ഭാഷ മലയാളമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കുന്നതിനുള്ള ഫലപ്രദമായ ശ്രമം നടത്തിവരികയാണ്. മലയാളഭാഷയെ ഒന്നാം ഭാഷയാക്കിയപ്പോൾ ഭാഷാ ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ജാഗ്രത കാണിച്ചിട്ടുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കുവരുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ് : ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവാസി കേരളീയരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെ ഭാഗമായാണ് 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. റിക്രൂട്ട്മെന്റ് തട്ടിപ്പുകളും പ്രവാസികൾ നേരിടുന്ന ചൂഷണങ്ങളും അവസാനിപ്പിക്കുകയാണ് ഈ ബിൽ ലക്ഷ്യമാക്കുന്നത്. പ്രവാസികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഒരു എൻ.ആർ.ഐ. കമ്മീഷൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ മുഖേന വിവിധ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രവാസികൾക്കായി പഞ്ചാബ് സർക്കാർ നടപ്പാക്കിയ നിയമത്തിന്റെ ചുവടുപിടിച്ചാണ് ഈ നിയമം ഇവിടെ കൊണ്ടുവരുന്നത്.

ശ്രീ. ജെയിംസ് മാത്യു: 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് നിർണ്ണായക സംഭാവനകൾ നൽകുന്ന പ്രവാസികളുടെ ക്ഷേമം

മുൻനിർത്തി കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു. പ്രവാസികൾക്ക് കൃത്യമായ ഗുണഫലം ലഭിക്കണമെങ്കിൽ ഈ ബില്ലിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്. ന്യൂനപക്ഷ കമ്മീഷൻ പോലെ ശിപാർശ ചെയ്യാനുള്ള അവകാശത്തിനപ്പുറം മറ്റൊരു അധികാരവും ഈ കമ്മീഷനില്ല എന്ന വസ്തുത തിരിച്ചറിയണം. കൺസ്യൂമർ കോർട്ടിന്റെ സ്റ്റാറ്റസുപോലും കമ്മീഷന് നൽകിയിട്ടില്ല എന്നത് അത്യന്തം ഗൗരവതരമാണ്. പ്രവാസികളുടെ പുനരധിവാസ പദ്ധതി, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, പ്രവാസി ലീഗൽ അസിസ്റ്റൻസ്, ചികിത്സാ സഹായം, വിവാഹ ധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം തുടങ്ങി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാനോ സാന്ത്വനം പദ്ധതി പ്രകാരമുള്ള പണം അനുവദിച്ചുനൽകാനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നോർക്ക മുഖാന്തിരമുള്ള നിയമനങ്ങളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കണം. ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റം വരുത്തി ജുഡീഷ്യൽ അധികാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഹൈക്കോടതിയുടെ അനുമതിയോടെ കേരളത്തിലെ പ്രവാസി മലയാളികൾക്കുവേണ്ടി പ്രത്യേക കോടതി ആരംഭിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ള സർക്കാരാണിത്. പ്രവാസികൾക്കായി പരമാവധി സൗകര്യങ്ങളും സഹായങ്ങളും ഒരുക്കുന്ന കാര്യത്തിൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന സർക്കാർ കൊണ്ടുവന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ നിയമത്തിൽ പരമാവധി കാര്യങ്ങൾ ഉൾക്കൊള്ളിക്കുകയും പ്രവാസികളെ സഹായിക്കുന്നതിനുള്ള ഒരു സംവിധാനമായി ഈ ബിൽ നടപ്പിലാക്കുകയും വേണം. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളിൽ 5 വർഷമെങ്കിലും പ്രവാസിയായിരുന്ന ആളിന് മാത്രമേ കമ്മീഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് അംഗത്വം നൽകാൻ പാടുള്ളൂ. കൂടാതെ യൂറോപ്യൻ രാജ്യങ്ങളിൽ ജോലിചെയ്യുന്ന ഒരാളിനെയും ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള രണ്ട് പേരെയും മറ്റ് രാഷ്ട്രങ്ങളിൽ നിന്നുള്ള ഒരാളെയും ഉൾപ്പെടുത്തണം. പ്രവാസികളുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗം നിർദ്ദേശിക്കാനായി ഒരു കമ്മീഷൻ രൂപീകരിക്കാനുള്ള സർക്കാർ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. കെ. രാജു</u>: പ്രവാസികളുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം

ചെയ്യുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണെന്നിരിക്കെ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഉപദേശക സ്വഭാവത്തിലേയ്ക്ക് മാത്രമായി ചുരുക്കാതെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും തീരുമാനമെടുക്കാനും കഴിയുന്ന തരത്തിൽ എക്സിക്യൂട്ടീവ് അധികാരത്തോടുകൂടിയതാകണം. കേരളീയരായ പ്രവാസികളുടെ താൽപ്പര്യവും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനായി രൂപീകരിച്ച കമ്മീഷനിൽ കേരള ഹൈക്കോടതിൽ നിന്നും റിട്ടയർ ചെയ്ത ജഡ്ജിയെ ലഭിച്ചില്ലെങ്കിൽ പകരം ജില്ലാ ജഡ്ജിയേയോ തത്തുല്യ യോഗ്യതയുള്ള വ്യക്തികളെയോ പരിഗണിക്കണമെന്ന കാര്യത്തെക്കുറിച്ചും രണ്ട് വർഷത്തിലധികം വിദേശത്തുണ്ടായിരുന്ന രണ്ട് പ്രവാസി കേരളീയരെ നാമനിർദ്ദേശം ചെയ്യുതിനുള്ള മാനദണ്ഡത്തെക്കുറിച്ചും ബില്ലിൽ അവ്യക്തത നിലനിൽക്കുന്നു. ആകെ അഞ്ച് അംഗങ്ങളുള്ള കമ്മീഷനിൽ രണ്ട് പ്രവാസികളും ചെയർമാനും ഉണ്ടെങ്കിൽ എന്ത് തീരുമാനവും എടുക്കാൻ സാധിക്കുമെന്നതിനാൽ 5 എന്ന അംഗസംഖ്യ 7 ആക്കി വർദ്ധിപ്പിക്കണം. പ്രവാസികളുടെ ദേശീയ സമ്മേളനത്തിൽ ഉയർന്നുവന്ന ആശയങ്ങൾ ബില്ലിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചുവെങ്കിലും അത് അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്നതല്ല. പ്രവാസികൾക്കുള്ള ക്ഷേമപദ്ധതികളും നിതാഖത്ത് നിയമത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതികളും

ഫലപ്രദമായി നടപ്പിലാക്കണം. ഈ ബില്ലിൽ പ്രവാസികൾക്ക് ഗുണകരമാകുന്ന പ്രൊവിഷനുകൾ ഉൾപ്പെടുത്തണം.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:</u> സ്വന്തം നാട്ടിൽ അന്യരെപ്പോലെ കഴിയേണ്ടിവരുന്ന പ്രവാസികൾക്ക് അനുകൂലമായ നിലപാടുകളാണ് ഈ ബില്ലിലൂടെ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രവാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം അവരുടെ കുടുംബം നേരിടുന്ന കേസുകളും മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി സെമി ജുഡീഷ്യൽ അധികാരമുള്ള ഒരു കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചതിന് സർക്കാരിനെ അഭിനന്ദിക്കുന്നു. പ്രവാസികളുടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് നമ്മുടെ സമ്പദ് ഘടനയുടെ വളർച്ചയ്ക്ക് അടിസ്ഥാന കാരണം. റിക്രൂട്ട്മെന്റ് തട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി എല്ലാ നിയമനങ്ങളും സംസ്ഥാന ഏജൻസികൾ മുഖേന നടത്തിയാൽ മതിയെന്ന് ഗവൺമെന്റ് കർശമായ നിലപാട് സ്വീകരിച്ചതും ക്ഷേമനിധിയിലെ അംഗങ്ങളുടെ പ്രായം 55-ൽ നിന്ന് 60 ആക്കി ഉയർത്തിയതും പ്രവാസികൾക്ക് ആശ്വാസകരമാണ്. ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം എന്നിവ നൽകുന്നതിനുപുറമേ നിതാഖത്തിന്റെ ഫലമായി നാട്ടിലേക്ക് തിരിച്ചുവന്നവർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ സഹായത്തോടുകൂടി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകാനും സംസ്ഥാന

സർക്കാർ തയ്യാറായത് സ്വാഗതാർഹമാണ്. സംഘർഷ ബാധിത മേഖലകളിൽ അധിവസിച്ചിരുന്ന പ്രവാസികളെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റും നോർക്ക വകുപ്പും വളരെ ഫലപ്രദമായി നടത്തിയിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമത്തിനും അവരുടെ പുരോഗതിക്കും ശക്തിപകരുന്നതാണ് ചരിത്ര പ്രധാനമായ ഈ നിയമനിർമ്മാണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ചർച്ചയിൽ വിമർശനാത്മകമായ അഭിപ്രായങ്ങൾ ഉയർന്നുവന്നെങ്കിലും ഈ നിയമം ശക്തമാക്കണമെന്ന ആഗ്രഹമാണ് എല്ലാ അംഗങ്ങളും പ്രകടിപ്പിച്ചത്. ഇന്ത്യയിൽ പഞ്ചാബിൽ മാത്രമാണ് ഇത്തരത്തിൽ ഒരു നിയമം നിലവിലുള്ളത്. പ്രവാസികളുടെ കഠിനാധ്വാനത്തിന്റെ ഫലമായുള്ള കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് കേരളത്തിന്റെ അടിസ്ഥാന വികസനത്തിനും സമൃദ്ധിക്കും കാരണമായിട്ടുള്ളത്. തട്ടിപ്പുകാരുടെ ചൂഷണത്തിൽ നിന്നും പ്രവാസി ഭാരതീയർക്കും അവരുടെ സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള പ്രാരംഭഘട്ടമെന്ന നിലയ്ക്കാണ് ഈ ബിൽ അവതരിപ്പിച്ചത്. നോർക്ക വകുപ്പിലെ നിയമന കാര്യങ്ങളിൽ തട്ടിപ്പും അഴിമതിയും നടക്കുന്നുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. നോർക്ക സ്ഥാപനങ്ങളിലെ

ഉദ്യോഗസ്ഥർക്ക് നാളിതുവരെ ശമ്പള കുടിശ്ശിക വരുത്തിയിട്ടില്ല. കേരളത്തിൽ നിലവിലുള്ള വിവിധ കമ്മീഷനുകൾക്ക് നിയമപരമായി നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും ഈ നിയമത്തിലൂടെ പ്രസ്തുത കമ്മീഷന് കൊടുത്തിട്ടുണ്ടെന്ന് മാത്രമല്ല, കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനമെടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥവുമാണ്. പ്രവാസി ക്ഷേമപദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി 25000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി മാറ്റുകയും വിവിധ ക്ഷേമ ആനുകൂല്യങ്ങൾക്ക് നൽകിവരുന്ന തുകയിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. കാരുണ്യ പദ്ധതിയിലൂടെയും നോർക്ക ചെയർമാന്റെ സഹായ പദ്ധതിയിലൂടെയും സ്വരൂപിക്കുന്ന പണം പ്രവാസികളുടെ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കുന്നുണ്ട്. നിതാഖത്ത് നിയമത്തിന്റെ ഫലമായി തിരിച്ചെത്തിയ പ്രവാസികളെ സഹായിക്കുന്നതിനായി സമഗ്രമായ റീഹാബിലിറ്റേഷൻ പാക്കേജ് തയ്യാറാക്കുകയും സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനായി നാഷണലൈസ്ഡ് ബാങ്കുകളിലൂടെ ധനസഹായം നൽകുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത 1072 പേർക്ക് ഇതിന്റെ ഗുണഫലം ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡിയായി

കഴിഞ്ഞവർഷം 6.68 കോടി രൂപ അനുവദിക്കുകയും ഈ സാമ്പത്തിക വർഷം 8.75 കോടി രൂപ വകയിരുത്തുകയും ചെയ്തു. ടി പദ്ധതിയിലൂടെ വായ്പയെടുക്കുന്ന പ്രവാസികൾക്ക് 15 ശതമാനം ക്യാപിറ്റൽ സബ്സിഡിയും ആദ്യത്തെ നാല് വർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകുന്നുണ്ട്. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വൈദഗ്ദ്ധ്യ പരിശീലനം, പ്രവാസി ലീഗൽ എയ്ഡ് സെൽ തുടങ്ങിയ പദ്ധതികൾ പ്രവാസികൾക്കായി ആവിഷ്കരിച്ചു. സമീപകാലത്ത് വിദേശരാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള സംഘർഷങ്ങളെത്തുടർന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വിദേശ മലയാളികളെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ സാധിച്ചത് സംസ്ഥാന സർക്കാരിന്റെ നേട്ടമാണ്. കേരളത്തിലെ നോർക്ക ഡിപ്പാർട്ടുമെന്റ് ഇന്ത്യയ്ക്കാകെ മാതൃകയാണെന്നത് അഭിമാനാർഹമായ കാര്യമാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നതോടൊപ്പം സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി എൻ.ആർ.ഐ. കമ്മീഷൻ ഫലപ്രദമാക്കാൻ സാധ്യമായ ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം

പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.59-ന് പിരിഞ്ഞു.

***********